# Malayala Manorma

## 18 June 2018

## Kothamangalam: damage control, Heavy rain



ഭൂതത്താൻകെട്ടിൽ ഗതാഗത സ്തംഭനം പരിഹരിക്കാൻ തകർന്ന കലുങ്കിനടിയിൽ പൈപ്പ് സ്ഥാപിക്കുന്നു.

# ഭൂതത്താൻകെട്ട്: തകർന്ന കലുങ്കിൽ ഗതാഗതം ഇന്നു പുനഃസ്ഥാപിക്കും

കോതമംഗലം ● വിനോദസഞ്ചാര കേന്ദ്രമായ ഭൂതത്താൻകെട്ടിന്റെ പ്രവേശന കവാടത്തിൽ തകർന്ന കലുങ്കിൽ വാഹനഗതാഗതം ഇന്നു പുനഃസ്ഥാപിക്കും. കോൺക്രീറ്റ് തിട്ട തകർന്നു നിലംപൊത്തിയ കലുങ്കു നീക്കം ചെയ്ത് വലിയ പൈപ്പ് സ്ഥാപിച്ചതിനു ശേഷം മണ്ണിട്ടു നികത്തിയാണു ഗതാഗതം താൽക്കാലികമായി പുനഃസ്ഥാപിച്ചിട്ടുള്ളത്. കലുങ്കിനടിയിൽ ഒരു മീറ്റർ വ്യാസവും രണ്ടര മീറ്റർ നീളവുമുള്ള ആറു പൈപ്പുകൾ കൂട്ടിയോജിപ്പിച്ചാണു വെള്ളം പോകാനുള്ള മാർഗം ഒരുക്കിയിട്ടുള്ളത്. പെരിയാർവാലി ജലസേചന പദ്ധതിയുടെ നേതൃത്വത്തിലാണു ജോലികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിയത്. പുതിയ കലുങ്കിന്റെ നിർമാണം പിന്നീടു പൊതുമരാമത്ത് അധികൃതർ നടത്തും. ബുധനാഴ്ച പുലർച്ചെ അഞ്ചരയോടെയാണു മെയിൻ റോഡിലെ കലുങ്കു തകർന്നത്.

അതുവഴി ബൈക്കിൽ പോയ സഹോദരങ്ങളായ രണ്ടുപേർക്കു പരുക്കേറ്റിരുന്നു. പെരിയാർവാലി, ഇടമലയാർ എന്നീ പദ്ധതി പ്രദേശങ്ങളിലേക്കു പോകുന്ന പ്രധാന റോഡ് തകർന്നതോടെ കുട്ടമ്പുഴ പഞ്ചായത്തിലെ ഒന്നു മുതൽ അഞ്ചു വരെയുള്ള വാർഡുകൾ ഉൾപ്പെടുന്ന വനാന്തരത്തിലെ വടാട്ടുപാറ ഗ്രാമം ഒറ്റപ്പെട്ടിരുന്നു. വിദ്യാർഥികളും ജോലിക്കാരും അടക്കം ആയിരക്കണക്കിനു യാത്രക്കാരും ദുരിതത്തിലായിരുന്നു. ഇരുകരകളിലായി കുടുങ്ങിയ ജനങ്ങളുടെ യാത്രാക്ലേശം കണക്കിലെടുത്താണു തകർന്ന കലുങ്കിലെ ഗതാഗത സ്തംഭനം നീക്കുവാൻ അധികൃതർ ഉണർന്നു പ്രവർത്തിച്ചത്. ആന്റണി ജോൺ എംഎൽഎ, മൂവാറ്റുപുഴ ആർഡിഒ എസ്. ഷാജഹാൻ എന്നിവർ നേതൃത്വം നൽകി.

ജില്ലാ കലക്ടർ മുഹമ്മദ് സഫി



ഭൂതത്താൻകെട്ടിൽ തകർന്ന കലുങ്കിനടിയിൽ പൈപ്പു സ്ഥാപിച്ചതിനു ശേഷം മണ്ണിട്ടു നികത്തുന്നു.

റുല്ലയും നിർമാണ പ്രവർത്തനങ്ങ
ളുടെ പുരോഗതി വിലയിരുത്താ
സ്ഥലം സന്ദർശിച്ചിരുന്നു. തക
ന്ന കലുങ്കിന്റെ ഭാഗത്തു സ്ഥാ
ക്കുന്നതിനുള്ള പൈപ്പുകൾ ബ
ധനാഴ്ച സ്ഥലത്ത് എത്തിച്ചി
ന്നു. ഇന്നലെ ഉച്ചകഴിഞ്ഞതോ
പൈപ്പുകൾ സ്ഥാപിച്ചു. പിന്നീ
മണ്ണും കല്ലും പാറമക്കും നിക
പിച്ചു കുഴി നികത്തുകയായി
ന്നു. വലിയ വാഹനങ്ങൾ പോ
ന്ന വിധത്തിൽ ഗതാഗതം ഇ
പൂർണമായും പുനഃസ്ഥാപിക
വാൻ കഴിയുമെന്ന് അധികൃ
അറിയിച്ചു.